**എല്ലാ ഇനം നാണയങ്ങളും നിയമസാധുവാണ് - ആർ.ബി.ഐ**

കടയുടമകൾ, വ്യാപാരികൾ, ഗതാഗതസ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, ഇത്യാദികൾ 25 പൈസ, 50 പൈസ നാണയങ്ങൾ സാധുവല്ല, അഥവാ ബാങ്കുശാഖകൾ അവ സ്വീകരിക്കുന്നില്ല എന്ന വാദമുയർത്തി വാങ്ങാതിരിക്കുന്നു എന്നകാര്യം ആർ.ബി.ഐ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പരാതികളും ആർ.ബി.ഐ യ്ക്ക് ലഭിച്ചിട്ടുണ്ട്.

25 പൈസയും, 50 പൈസയും അടക്കം എല്ലാ നാണയങ്ങളും നിയമസാധുവാണെന്നും അങ്ങനെ തന്നെ തുടരുമെന്നും പൊതുജനങ്ങളുടെ അറിവിലേക്കായി വ്യക്തമാക്കുന്നു, നാണയങ്ങൾ സ്വീകരിക്കാൻ ആരെങ്കിലും മടികാണിക്കുന്നുണ്ടെങ്കിൽ അത് ശരിയല്ല. നാണയങ്ങൾ യാതൊരു തടസ്സവാദവും കൂടാതെ സ്വീകരിക്കാനും ബാങ്ക് നോട്ടുകൾ പകരം നൽകാനും എല്ലാ വാണിജ്യബാങ്കുകളോടും റിസർവ് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫീസുകളും ബാങ്കുനോട്ടുകൾ പകരം നൽകി എല്ലാത്തരം നാണയങ്ങളും യാതൊരു തടസ്സവും ഇല്ലാതെ സ്വീകരിക്കുന്നത് തുടരും.

25 പൈസ, 50 പൈസ നാണയങ്ങൾ ആർ.ബി.ഐ പിൻവലിച്ചു എന്ന കിംവദന്തി പൊതുജനങ്ങൾ വിശ്വസിക്കരുത്. 25 പൈസ, 50 പൈസ നാണയങ്ങൾ നിയമസാധുവാണ്, അത് അങ്ങനെതന്നെ തുടരുകയും ചെയ്യും.

പി വി സദാനന്ദൻ
കാര്യദർശി

പത്രക്കുറിപ്പ് 2004-05/307